**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ലബോറട്ടറി കോംപ്ലെക്സിന്റെ നിർമ്മാണത്തിന്റെയും പരീക്ഷണശാല ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന്റെയും കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളുമായി 24.08.2019 ഉച്ചകഴിഞ്ഞു 01.30ന് ബഹു വൈസ് ചാൻസലറുടെ ചേംബറിൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 3**

നമ്പർ. 4217/P&D 3/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 03.09.2019

---

പരാമർശം:-24.08.2019 ഉച്ചകഴിഞ്ഞു 01.30ന് ബഹു വൈസ് ചാൻസലറുടെ ചേംബറിൽ നടത്തിയ യോഗത്തിന്റെ അംഗീകരിച്ച നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

പരാമർശം പ്രകാരം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ലബോറട്ടറി കോംപ്ലെക്സിന്റെ നിർമ്മാണത്തിന്റെയും പരീക്ഷണശാല ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന്റെയും കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളുമാ ള്ള യോഗം 24.08.2019 , 01.30പി എമ്മിന് ബഹു: വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി . പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു :

1. ലബോറട്ടറിയിൽ ഗവേഷകർക്കുള്ള Discussion Room ആവശ്യമാണ്. അനുരൂപമായ ഫർണിച്ചർ സഹിതം ആവശ്യമായ സ്ഥലസൗകര്യത്തോടെ അത്തരം സൗകര്യം ക്രമീകരിക്കേണ്ടതാണ് .

2. പരീക്ഷണശാല ഉപകരണങ്ങൾ വാങ്ങുന്നതിനു മുന്നോടിയായി അവയുടെ specification സംബന്ധിച്ച് വ്യക്തത വരുത്തണം.വാങ്ങുന്ന ഉപകരണങ്ങൾ , അവയുടെ ബ്രാൻഡ് എന്നിവ സംബന്ധിച്ച് വ്യക്തമായ ധാരണ ആവശ്യമാണ് .

3 . ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ അവയ്ക്ക് ആവശ്യമായ earthing കൃത്യതയോടെ നിർവഹിക്കണം. വോൾട്ടേജ് വ്യതിയാനം 0.2ൽ കൂടുവാൻ പാടില്ല .

4. വേസ്റ്റ് മാനേജ്മെന്റിന് ആവശ്യമായ ഘടകങ്ങൾ അതീവ ശ്രദ്ധയോടെ നിർമ്മിതിയിൽ ഉൾപ്പെടുത്തണം.ജൈവമാലിന്യങ്ങൾ രാസ മാലിന്യങ്ങൾ എന്നിവ തരം തിരിച്ച സംസ്കരിക്കുവാൻ ശാസ്ത്രീയ സംവിധാനങ്ങളാണ് ഉൾപെടുത്തേണ്ടത് .

5. മഴവെള്ള സംഭരണത്തിനാവശ്യമായ സംവിധാനങ്ങളും നിർമ്മിതിയിൽ ഉൾപ്പെടുത്തേണ്ടതാണ് .

6. കെട്ടിടത്തിൽ ഉൾപ്പെടുത്തുന്ന ലിഫ്റ്റ് വലിയ ഉപകരണങ്ങൾ കൂടി വഹിക്കുവാൻ പര്യാപ്തമായിരിക്കണം.കൂടാതെ ലിഫ്റ്റ് റൂഫ് ടോപ്പിൽ എത്തുന്നതുമായിരിക്കണം .

Draft #2 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 02-Sep-2019 01:13 PM - Page 1

7. ഏറ്റവും കുറഞ്ഞത് 50 ഇരിപ്പിടത്തോടുകൂടിയ ഒരു restaurant കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. നിർമ്മാണത്തിന് ലഭ്യമായ തുകക്കുള്ളിൽ നിന്ന് കൊണ്ട് കെട്ടിടം പൂർണമായി ഫർണിഷ് ചെയ്യേണ്ടതും ക്ലീൻ റൂം, ലാബ് ടേബിൾസ്, ഫ്യൂംഹഡ്സ്, centralised air conditioning എന്നീ സൗകര്യങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുമാണ് .

യോഗം കൈക്കൊണ്ട തീരുമാനങ്ങൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ I / III (ഭരണ വിഭാഗം)
4. UE/EU
5. M/s.KITCO Limited
6. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
7. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
8. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
9. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
10. സി . എം . എസ്
11. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 02-Sep-2019 01:13 PM - Page 2